കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.AVB3/37075/2022

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം, തീയതി: 12.02.2025

കാരണം കാണിക്കൽ നോട്ടീസ്

ചങ്ങനാശ്ശേരി യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.അനസ് മുഹമ്മദ്.എ.എൻ എന്ന താങ്കൾ 17.07.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല. ടിയാൻ യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു . തന്മൂലം കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു .

ടി പ്രവൃത്തി ഗുരുതരമായ ചട്ടലംഘനവും അച്ചടക്കലംഘനവും ആയതിനാൽ ചങ്ങനാശ്ശേരി യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.അനസ് മുഹമ്മദ്.എ.എൻ എന്ന താങ്കൾക്ക് 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 17.12.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം 19.01.2024 തീയതി കൈപ്പറ്റി അന്നേ ദിവസം തന്നെ താങ്കൾ ആയതിന്മേൽ മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി പാലാ യൂണിറ്റ് അധികാരിയെ ചുമതലപ്പെടുത്തുകയും, എൻക്വയറി ഓഫീസർ താങ്കൾക്ക് മൂന്ന് തവണ വിചാരണയ്ക്ക് ഹാജരാകാൻ അവസരം നൽകിയിട്ടും താങ്കൾ ഹാജരാകാത്തതിനെ തുടർന്ന് ലഭ്യമായ രേഖകളുടേയും സാക്ഷിമൊഴികളുടേയും അടിസ്ഥാനത്തിൽ എൻക്വയറി ഓഫീസർ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകുകയും ആയത് കൈപ്പറ്റിയതായ പോസ്റ്റൽ അക്നോളഡ്ജ്മെന്റ് കാർഡ് ലഭിച്ചിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 17.07.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി 1950 ലെ RTC Act പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ്. താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനാണ്. എന്നിരുന്നാലും താങ്കളുടെ വാദം നേരിൽ കേൾക്കുന്നതിനായി 30.07.2025 ൽ ഒരവസരം നൽകിയിട്ടുള്ളതും, അനധികൃത അവധിയുമായി ബന്ധപ്പെട്ട മെഡിക്കൽ രേഖകൾ ഹാജരാക്കാം എന്ന് പ്രസ്തുതവേളയിൽ അറിയിച്ചിരുന്നു. എന്നാൽ യഥാസമയം മെഡിക്കൽ രേഖകൾ ഹാജരാക്കാത്തതിനാൽ, നേരിൽ ഹാജരാകുന്നതിന് മറ്റൊരു അവസരം നൽകിയിട്ടും താങ്കൾ ഹാജരാകുകയോ, മെഡിക്കൽ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്.

ആകയാൽ ചങ്ങനാശ്ശേരി യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.അനസ് മുഹമ്മദ്.എ.എൻ എന്ന താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിനു മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ലായെന്ന് കണ്ട് അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ. അഡീഷണൽ സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്. ശ്രീ.അനസ് മുഹമ്മദ്.എ.എൻ, കണ്ടക്ടർ, ചങ്ങനാശ്ശേരി
(യൂണിറ്റ് അധികാരി, ചങ്ങനാശ്ശേരി മുഖാന്തിരം)

പകർപ്പ് – യൂണിറ്റ് അധികാരി, ചങ്ങനാശ്ശേരി – ടി നോട്ടീസ് ടിയാന് [illegible]